മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഇൻഡ്യൻ പീനൽകോഡ് 294 (എ) എന്ന വകുപ്പിൻപ്രകാരം അനധികൃതമായ ലോട്ടറിക്കച്ചവടം (ലാട്ടറീസ്) നടക്കുന്നതായറിഞ്ഞാൽ ഉടനെ നിയമാനുസൃതമായ നടപടികളെടുത്തുവരുന്നുണ്ട്. അതുകൂടാതെ മലബാർ പ്രദേശത്ത് തിരുവിതാംകൂർ—കൊച്ചി പ്രദേശത്തു നിലവിലുള്ള മാതിരി ചീട്ടി, കുറി മുതലായവയെ നിയന്ത്രിക്കുന്ന നിയമം ഇല്ല. നിയമനിരോധനമില്ലാത്ത കുറികൾ നടക്കുന്നുണ്ടെങ്കിൽ ഗവണ്മെൻറിന് നടപടിയെടുക്കുവാൻ നിവൃത്തിയില്ല. ഒരു ഏകീകൃത ചീട്ടി നിയമം കൊണ്ടുവരുവാൻ നടപടികളെടുത്തുകൊണ്ടിരിക്കുകയാണ്.

(ബി) ഇൻഡ്യൻ പീനൽകോഡ് 294 (എ) എന്ന വകുപ്പിൻപ്രകാരം അനധികൃതമായ ലോട്ടറിക്കച്ചവടം ധാരാളമായി നടപ്പിലിരിക്കുന്നതായി അറിവില്ല. വല്ലപ്പോഴും നടക്കുന്നതായി അറിഞ്ഞാൽ നിയമാനുസൃതമായ നടപടിയെടുക്കുന്നുണ്ട്.

ശ്രീ. എം. നാരായണക്കുറുപ്പ് : ആറുകൊല്ലങ്ങൾക്കു മുൻപ് ഇങ്ങനെയൊരു ഏകീകരണ ബിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. എല്ലാവരും അതിനെ സ്വാഗതം ചെയ്യുകയുമുണ്ടായി. എന്തുകൊണ്ടെന്നാൽ മലബാർ ഭാഗത്ത് ഇങ്ങനെയൊരു നിയമമില്ല. അവിടെ മുൻപ് ഒരാൾ രണ്ടുലക്ഷംരൂപ ചീട്ടിക്കെന്നും പറഞ്ഞുകൊണ്ട് ശേഖരിച്ചിട്ട് നാടുവിട്ടതായ അനുഭവമുണ്ട്. അതുകൊണ്ട് ഇതു നിയന്ത്രിക്കാൻവേണ്ടി കഴിയുന്നത്രവേഗത്തിൽ ഈ ഏകീകരണനിയമം നിയമസഭയിൽ അവതരിപ്പിച്ച് പാസാക്കിയെടുക്കാൻ ഗവണ്മെൻറ് വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. ആർ. ശങ്കർ : 1958-ൽ ഒരു ഏകീകരണ നിയമം കൊണ്ടുവന്നിരുന്നതാണ്. ആ നിയമസഭ അവസാനിച്ചപ്പോഴേക്കും അതു ലാപ്സായിപ്പോയി പിന്നൊരു നിയമമുണ്ടാക്കുകയും അതിന്റെ ഡ്രാഫ്റ്റും ഇപ്പോൾ ഗവണ്മെൻറിന്റെ പരിശോധനയിലിരിക്കുകയുമാണ്. അതു് ഇൻഡ്യാഗവണ്മെൻറിനു് റഫർ ചെയ്യണമോ എന്നുള്ള കാര്യത്തെപ്പറ്റി ആലോചിച്ചു കൊണ്ടിരിക്കുകയാണ്. കഴിയുന്നത്രവേഗത്തിൽ അതു് നിയമമാക്കാൻ ശ്രമിയ്ക്കുന്നതാണ്.

Rescue Shelter Homes

* 599. [14] ശ്രീ. പി. എസ്സ്. കാർത്തികേയൻ : † താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു് എത്ര Rescue Shelter Homes ഉണ്ടു് ; എവിടെയെല്ലാം ;

(ബി) അവയിൽ എല്ലാംകൂടി ആകെ എത്ര inmates ഉണ്ടു് ;

(സി) അവക്കു് എന്തെങ്കിലും തൊഴിൽ പരിശീലനത്തിനു സൗകര്യങ്ങൾ ചെയ്തുകൊടുത്തിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്തെല്ലാം തൊഴിലുകളിലാണു് പരിശീലനം നൽകുന്നതു് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) എറണാകുളത്തു് ഒരു റസ്ക്യൂഹോമും മറ്റുള്ള ജില്ലാ ആസ്ഥാനങ്ങളിൽ ഓരോ റസ്ക്യൂ ഷെൽട്ടറും വീതമുണ്ടു്.

(ബി) 147 സ്ത്രീകളും 56 കുട്ടികളുമുണ്ടു്.

(സി) തുന്നൽ, തയ്യൽ, നൂൽനൂൽപ്പു്, കവർ നിർമ്മാണം, പായ്നെയ്ത്തു്, കുട്ടനിർമ്മാണം മുതലായ കൈത്തൊഴിലുകളിൽ അന്തേവാസികളുടെ അഭിരുചിക്കനുസരണമായി പരിശീലനം നൽകുന്നുണ്ടു്.

† Put by Shri. P. Madhavan.

LIBRARY ARCHIVES Kerala Legislative Assembly